പാണ്ടിക്കുടി–ചെല്ലാനം റോഡ്

*൪൦൬. (൭൪) ശ്രീ. അലക്സാണ്ടർ വാകയിൽ: താഴെ പറയുന്ന ചോദ്യങ്ങൾക്ക ബഹുമാനപ്പെട്ട പൊതുമരാമത്തുമന്ത്രി സദയം മറുപടി പറയുമോ.—

(എ) പാണ്ടിക്കുടി–ചെല്ലാനം റോഡു നിർമ്മിക്കുവാനുള്ള പദ്ധതി എന്നാണു് തയ്യാറാക്കിയതു്;

(ബി) ഈ റോഡിന്റെ പണിയിൽ എത്ര പുരോഗതി ഇതേവരെ ഉണ്ടായിട്ടുണ്ടു്;

(സി) എത്ര സംഖ്യയാണു് ഈ റോഡിന്റെ പൂർത്തീകരണത്തിനു് ആവശ്യമായി കണക്കാക്കപ്പെട്ടിട്ടുള്ളതു്;

(ഡി) യാതൊരു ഗതാഗതസൗകര്യവുമില്ലാതെ കഷ്ടപ്പെടുന്ന തീരദേശവാസികളുടെ ആവശ്യാർത്ഥം പാണ്ടിക്കുടി–ചെല്ലാനം റോഡു പള്ളിത്തോടുവഴി മനക്കോടം അഴിവരെ വെട്ടി മെറ്റൽചെയ്ത വാഹനയാത്രയ്ക്കു സൗകര്യപ്രദമാക്കിത്തരണമെന്നാവശ്യപ്പെട്ടുകൊണ്ടു് എത്ര നിവേദനങ്ങൾ ലഭിച്ചിട്ടുണ്ടു്;

(ഇ) പ്രസ്തുത നിവേദനങ്ങളിന്മേൽ എന്തു നടപടിയെടുത്തു?

മരാമത്തും, ഗതാഗതവും, കൃഷിയും വകുപ്പു മന്ത്രി (ശ്രീ. ഇ. ജോൺ ഫിലിപ്പോസു്):

(എ) ഉൺ൪൭.

(ബി) റോഡിനു വേണ്ട കുറെ സ്ഥലങ്ങൾ പൊന്നുംവിലക്കു് എടുത്തിട്ടുണ്ടു്.

(സി) ഉൺ൪൯-ലെ തിട്ടപ്പെടുത്തിയ എസ്റ്റിമേറനുസരിച്ചു് ൬,൯൫,൦൦൦ രൂപായാളമാകും.

(ഡി) രണ്ടു്.

(ഇ) ഈ പണി കഴിയുന്നതും വേഗത്തിൽ തുടങ്ങുന്നതിനു വേണ്ട എല്പാടുകളും ചെയ്തുവരുന്നുണ്ടു്.

ടാൻസ്റ്റോട്ടു് അഥാറിറ്റി

*൪൦൯. (൭൯) ശ്രീ. അലക്സാണ്ടർ വാകയിൽ: താഴെ പറയുന്ന ചോദ്യങ്ങൾക്ക ബഹുമാനപ്പെട്ട ടാൻസ്റ്റോട്ടുമന്ത്രി സദയം മറുപടി പറയുമോ.—

(എ) ടാൻസ്റ്റോട്ടു് അഥാറിറ്റി എന്നാണു് സംഘടിപ്പിച്ചതു്;

(ബി) അതിലെ അംഗങ്ങൾ ആരെല്ലാം;

(സി) അവരുടെ പ്രവർത്തനം എന്തെല്ലാമാണു്;

(ഡി) നാളിതുവരെ എത്ര അഥാറിറ്റി യോഗങ്ങൾ ചേർന്നിട്ടുണ്ടു്;

(ഇ) സഞ്ചാരപ്പടി മുതലായ ഇനങ്ങളിലായി എത്ര സംഖ്യ ഈ അഥാറിറ്റിയുടെ പ്രവർത്തനത്തിനു് ഇതുവരെ ചിലവായിട്ടുണ്ടു്?

മരാമത്തും, ഗതാഗതവും, കൃഷിയും വകുപ്പു മന്ത്രി (ശ്രീ. ഇ. ജോൺ ഫിലിപ്പോസു്):

(എ) വ—ന— ഉൺ൧൦/൫൧—൭— ഉ൫൫൧.

(ബി) ഉ. ഇൻസ്പെക്ടർ ജനറൽ ഓഫു് പോലീസു്.
൫. ഡയർക്ടർ ഓഫു് ടാൻസ്റ്റോട്ടു്.
ന. ചീഫു് എഞ്ചിനീയർ, പി. ഡബ്ലിയു. ഡി.
൪. ശ്രീ. പി. കുഞ്ഞുകൃഷ്ണൻ, എം. എൽ. എ.
൧. ശ്രീ. അലക്സാണ്ടർ പറമ്പിത്തറ, എം. എൽ. എ.

LIBRARY ARCHIVES Kerala Legislative Assembly

(സി) ട്രാൻസ്പോർട്ട് വണ്ടികൾക്ക പെർമിറ കൊടുക്കൽ മുതലായ മോ ട്ടോർ വെഹിക്കിൾസ് ആക്ടിൽ പറഞ്ഞിട്ടുള്ള ട്രാൻസ്പോർട്ട് അഥാറിട്ടിയുടെ പ്രവർത്തനങ്ങളെല്ലാം.

(ഡി) പതിമൂന്ന്.

(ഇ) ഫ,ർൻൻ ക. ഫന ണ. ൻ പ.

കുനമ്മാവ്-ആലുവാ റോഡ്

*൪൦൪. (൭൭) ശ്രീ. അലക്സാണ്ടർ വാകയിൽ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ഗതാഗതവകുപ്പുമന്ത്രി സഭയം മറുപടി പറയുമോ.—

(എ) പറവൂർ താലൂക്കിൽ കുനമ്മാവു–ആലുവാ റോഡിന്റെ പണി എന്നാണ് ആരംഭിച്ചത്;

(ബി) നാളിതുവരെ ഈ റോഡിന്റെ നിർമ്മാണം എത്രകണ്ട് പുരോഗമിച്ചിട്ടുണ്ട്;

(സി) ഈ വർഷം എത്ര സംഖ്യ ഈ റോഡിന്റെ പണിക്കായി ബഡ്ജറ്റിൽ കൊള്ളിച്ചിട്ടുണ്ട്;

(ഡി) അതിൽ എത്ര സംഖ്യ ചിലവാക്കി കഴിഞ്ഞു ;

(ഇ) ഈ റോഡിന്റെ പണി എന്ന പൂർത്തിയാകും?

മരാമത്തും ഗതാഗതവും കൃഷിയും വകുപ്പുമന്ത്രി (ശ്രീ. ഇ. ജോൺ ഫിലിപ്പോസ് :)

(എ) ഫ ഫ ൧-ൽ ആരംഭിച്ചു.

(ബി) ഒന്നാം ഭാഗം ഒന്നര മൈൽ പൂർത്തിയാക്കി. രണ്ടാം ഭാഗം ഒന്നര മൈൽ പണി നടന്നുകൊണ്ടിരിക്കുന്നു.

(സി) (ഫ൦, ൦ ൦ ൦) രൂപ.

(ഡി) (൪,൪ ൪ ൯) രൂപ.

(ഇ) രണ്ടാം ഭാഗം ഈ ബഡ്ജറ്റവർഷം പൂർത്തിയാകും. ബാക്കിയുള്ള മൂന്നാംഭാഗം അടുത്ത വർഷം തീർക്കാമെന്ന് പ്രതീക്ഷിക്കുന്നു.

തൊഴിലാളി സംഘടകൾ

*൪൦൫. (൬൯) ശ്രീ. കെ. കുട്ടപ്പൻ : താഴെ പറയുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട ലേബർമന്ത്രി സഭയം മറുപടി നൽകുമോ.—

ഫ— ഫ—ഫൻ൫൦ മുതൽ ഫ—ൻ—ഫൻ ൫൦ വരെ എത്ര തൊഴിലാളി സംഘടനകളുടെ രജിസ്ട്രേഷൻ റദ്ദ് ചെയ്തെന്നും അതിനുള്ള കാരണമെന്തെന്നും പറയുമോ?

വിദ്യാഭ്യാസവും തൊഴിലും സിവിൽസപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

ഫ—ഫ— ൫൦ മുതൽ ഫ—ൻ— ൫൦ വരെ ഒമ്പ ട്രേഡ് യൂണിയനുകളുടെ രജിസ്ട്രേഷൻ റദ്ദ് ചെയ്തിട്ടുണ്ട്. മേൽപറഞ്ഞ യൂണിയനുകളുടെ പ്രവർത്തനം നിലച്ചുപോയെന്ന രജിസ്ട്രാക്ക് അനേഷണത്തിൽ ബോദ്ധ്യപ്പെട്ടതിനാലും ടി യൂണിയനുകൾ നിയമപ്രകാരം രജിസ്ട്രാക്ക് അയക്കേണ്ടിയിരുന്ന വാർഷികണക്കുകൾ പലതവണ തെയ്പ്പെടുത്തിയിട്ടും അയക്കാതിരുന്നതിനാലും ട്രേഡ് യൂണിയൻ ആക്ടിൽ ഫ൦ ബി വകുപ്പനുസരിച്ച് ട്രേഡ് യൂണിയൻ രജിസ്ട്രാർക്ക് തന്നിൽ നിക്ഷിപ്തമായിരിക്കുന്ന അധികാരമുപയോഗിച്ച് ടി യൂണിയനുകളുടെ രജിസ്ട്രേഷൻ റദ്ദചെയ്തിട്ടുള്ളതാണ്.

LIBRARY ARCHIVES Kerala Legislative Assembly